# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഘടന

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ആണുവേലിൽ ഗവ. യു.പി സ്കൂൾ |
| ഉപജില്ല | : | ചവറ |
| വിദ്യാഭ്യാസജില്ല | : | കൊല്ലം |
| ജില്ല | : | കൊല്ലം |
| വർഷം | | 1949 |



# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉള്ളടക്കം

1. ആമുഖം
2. പൊതുവിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
3. ലക്ഷ്യങ്ങൾ
4. വിദ്യാലയത്തിന്റെ ചരിത്രം
5. പദ്ധതി രൂപീകരണപ്രക്രിയ-അക്കാദമികം, ഭൗതീകം
6. നിലവിലെ അവസ്ഥാവിശകലനം
7. മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
   അക്കാദമികം, ഭൗതീകം, സാമ്പത്തികം
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ് രീതി
11. ഉപസംഹാരം

# ആമുഖം

ചട്ടമ്പിസ്വാമികളുടെ സമാധികൊണ്ട് പ്രസിദ്ധമായ കൊല്ലം ജില്ലയിലെ പന്മന എന്ന കൊച്ചുഗ്രാമത്തിന്റെ നെറുകയിൽ സ്ഥിതി ചെയ്യുന്ന സരസ്വതീക്ഷേത്രമാണ് ആണുവേലിൽ ഗവ.യു.പി. സ്കൂൾ. ആയിരത്തിതൊള്ളായിരത്തി നാൽപത്തിയൊൻപതിൽ ആണുവേലിൽ ക്ഷേത്രം വക വസ്തുവിൽ ലോവർ പ്രൈമറി സ്കൂളായി പ്രവർത്തനം ആരംഭിച്ച ഒരു സ്വകാര്യ വിദ്യാലയം ആയിരുന്നു ഇത്. ഈ സ്കൂളിന്റെ പ്രഥമ പ്രധാനാധ്യാപിക ശ്രീമതി. സൗദാമിനി അമ്മ ടീച്ചർ ആയിരുന്നു. കേവലം നാല് ക്ലാസ് മുറികൾ മാത്രം ഉണ്ടായിരുന്ന ഈ വിദ്യാലയം പിന്നീട് സർക്കാർ ഏറ്റെടുത്ത് അപ്ഗ്രേഡ് ചെയ്തു. ഇന്ന് ഈ വിദ്യാലയത്തിൽ പതിനാല് അധ്യാപകരും നാല് അധ്യാപകേതര ജീവനക്കാരും മൂന്ന് സ്പെഷ്യലിസ്റ്റ് അധ്യാപകരും ഇരുനൂറ്റി ഇരുപത്തിയേഴ് കുട്ടികളും പതിനേഴ് ക്ലാസ് മുറികളും ഉണ്ട്.

സമൂഹത്തിൽ ഉന്നതസ്ഥാനം അലങ്കരിച്ചവരും പ്രമുഖ സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരുമായ ഒട്ടനവധി പ്രഗത്ഭ വ്യക്തിത്വങ്ങൾ ഈ സ്കൂളിന്റെ മുതൽകൂട്ടാണ്. ചട്ടമ്പിസ്വാമികളുടെ ആശ്രമം ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ പ്രസിദ്ധമായ പന്മന സുബ്രഹ്മണ്യസ്വാമിക്ഷേത്രം തുടങ്ങിയവ കൊണ്ട് സമ്പന്നമായ പന്മന ഗ്രാമപഞ്ചായത്തിന്റെ നടുവിലാണ് ഈ കൊച്ചു വിദ്യാലയം.

1

ശാസ്ത്രമേളകൾ, കലോത്സവങ്ങൾ, സ്പോർട്ട്സ് എന്നിവയിലെല്ലാം എ ഗ്രേഡ് ഉൾപ്പെടെ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ഈ സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. എഴുതാനും വായിക്കാനും ഉള്ള കഴിവുകൾ പ്രീപ്രൈമറിതലം മുതലുള്ള കുട്ടികളിൽ വളർത്തിയെടുക്കുവാൻ ഉതകുന്ന പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

# പൊതുവിദ്യാലയം മികവിന്റെ കേന്ദ്രം
# കാഴ്ചപ്പാട്

- പൊതുവിദ്യാഭ്യാസം ഗുണമേന്മയിലും, സാമൂഹിക നീതിയിലും അധിഷ്ടിതമായി പുനർ നിർമ്മിക്കുന്നതിന്- അനുഗുണമായ രീതിയിലും, കാലാനുസൃതമായും പഠനാനുഭവം സാധ്യമാക്കുക.
- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന- ആശയങ്ങളും,ശേഷികളും, നൈപുണിയും, മനോഭാവവും, മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കും വിധം ആർജ്ജിക്കാനവസരമൊരുക്കുക.
- കുട്ടിയുടെ മികവിന്റെ സമസ്ത മേഖലകളുടേയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ കുട്ടിയുടെ സർഗ്ഗപരമായ കഴിവുകളുടെ വികാസവും സാധ്യമാകുന്നു.
- ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ക്ലാസ് മുറികളിൽ ലഭ്യമാക്കുന്ന രീതിയിൽ ഐ.ടി.അധിഷ്ടിത വിദ്യാഭ്യാസം പ്രാപ്തമാക്കുക.
- ഐ.ടി.അധിഷ്ടിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകികൊണ്ട് തനത് പ്രവർത്തനമായി മലയാളം ടൈപ്പ്റൈറ്റിംഗ് ഏറ്റെടുത്തും, ഡിജിറ്റൽ പെയിന്റിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേകം പരിശീലനം നൽകുകയും ചെയ്യും.
- ഐ.ടി. പഠനത്തിന്റെ ഭാഗമായി നല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട ഐ.ടി. വിവരശേഖരം/റഫറൻസ് മൂല ഒരുക്കുക.
- കുട്ടികളിൽ വായനാനുഭവം സൃഷ്ടിക്കുന്നതിനായി പുസ്തകപരിചയം എന്റെ പുസ്തകം, വായനാ മഹോത്സവം എന്നീ വായനാ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നു.
- പ്രത്യേക പരിഗണന നൽകിയും, പഠനം ആകർഷകമാക്കിയും പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിലെത്തിക്കുകയും, അവർ കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യും.

- ഗ്രീൻ പ്രോട്ടോക്കോൾ (പ്ലാസ്റ്റിക് വിമുക്തവും, കീടനാശിനി വിമുക്തവും, ലഹരി വിമുക്തവും കീടനാശിനി വിമുക്തവും, ലഹരി വിമുക്തവുമായി പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കും.
- ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനുമുള്ള പദ്ധതി.
- പരിസ്ഥിതി-സംരക്ഷണ- പഠനപ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും.
- ഗുണമേന്മയുടെടെ അധ്യാപനം ഉറപ്പിക്കുന്നതിനായി ഉന്നതനിലവാരത്തിലുള്ള വിദ്യാലയാധിഷ്ടിത അധ്യാപക പരിശീലന രീതി പ്രോത്സാഹിപ്പിക്കും.
- ജൈവവൈവിധ്യ ഉദ്യാനപരിപാലനത്തിലൂടെ പ്രകൃതിയെ പാഠപുസ്തകമാക്കി മാറ്റുന്നതിനുള്ള സാഹചര്യം സാധ്യമാകുകയും; ഇത്, ഒരു നൂതന കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും.
- സ്വാശ്രയ ശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
- പഠന മികവിനായി ഭൗതീക സാഹചര്യങ്ങളുടെ മികവ് ഉറപ്പാക്കും.
- ജനപങ്കാളിത്തത്തോടെയുള്ള സ്കൂൾ വികസന പദ്ധതി തയ്യാറാക്കും.

## ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും നൈപുണികളും ശേഷികളും, മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനു ലക്ഷ്യം വെച്ചു കൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപെടുത്തുക. കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക. പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക. നിരന്തര മൂല്യ നിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക. തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്ത

വിദ്യാഭ്യാസ അവകാശനിയമം (2009)
നാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടതെന്ന
മുന്നോട്ടുവെക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

(1) പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കും. അങ്കണവാടികളടക്കം എല്ലാ പ്രീ സ്കൂൾ വിദ്യാഭ്യാസ കേന്ദ്രങ്ങളും മികച്ച പ്രീസ് കൂളിങ്ങ് അനുഭവങ്ങൾ ഒരുക്കുന്ന ഇടങ്ങളായി മാറ്റും.

(2) എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.

(3) അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതീകസാഹചര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.

(4) ഐ.സി.ടി. അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതീക സൗകര്യങ്ങളും അക്കാദമിക തയാറെടുപ്പുകളും ഉറപ്പാക്കും.

(5) വിദ്യാലയം ഒരു പാഠപുസ്തകം എന്ന കാഴ്ചപാടിൽ ജൈവ വൈവിധ്യ ഉദ്യാനം ആക്കു മാറ്റും.

(6) കലാ, കായിക പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതീക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

(7) ഗവേഷണ പഠനത്തിനും, ഗവേഷണാത്മക അധ്യാപനത്തിനും അവസരം ഒരുക്കും.

(8) പഠനത്തിൽ പിന്നോക്കകാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾകൊണ്ട് ലഭ്യമാക്കും.

(9) പഠനം ആകർഷകവും, സർഗ്ഗാത്മകവും, ആനന്ദദായകവും ആക്കുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങൾ വികസിപ്പിക്കും.

(10) സ്കൂൾ ലൈബ്രറി,ലാബ് എന്നിവ ആധുനികവൽകരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കും.

(11) ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറു കൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

(12) കാർഷിക സംസ്കാരം പുതിയ തലമുറിയിൽ വളർത്തി എടുക്കുക, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപെടുത്തിയെടുക്കുക.

(13) മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറിയിൽ നിന്നും ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.

(14) പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത-ലഹരിമുക്ത വിദ്യാലയം.

(15) കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.

(16) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കും.

(17) സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശികവിഭവം പ്രയോജന പ്പെടുത്തും.

(18) സ്കൂൾതലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും, ഭൗതീകവും, സാമൂഹിക വുമായ വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തും.

# ഉദ്ഗ്രഥിതം

## ആമുഖം

ഒന്നാംതരത്തിലെ പാഠപുസ്തകങ്ങൾ പൊതുസമീപനത്തിനിണങ്ങുന്ന തരത്തിൽ കൂടുതൽ കൃത്യതയും ചിട്ടയും ഉള്ളതാക്കാൻ വേണ്ടി അറിവു നിർമ്മാണത്തിനുതകുന്ന തരത്തിൽ ഉദ്ഗ്രഥിത സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഭാഷാ പഠനത്തോടൊപ്പം പരിസരപഠനം, ഗണിതം എന്നീ ശേഷികൾ കൂടി ആർജ്ജിക്കുന്ന വിധത്തിലുള്ള പഠനപ്രവർത്തനങ്ങൾ ആണ് ആസൂത്രണം ചെയ്തിട്ടുള്ളത്. നിത്യജീവിതത്തിൽ പ്രയോഗിക്കേണ്ടതായ വിവിധ നൈപുണികൾ നേടിയെടുക്കുന്നതിനായാണ് ഉദ്ഗ്രഥിത പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഭാഷ പഠിക്കുന്നതോടൊപ്പം തന്നെ പരിസരവുമായി ബന്ധപ്പെടുത്തും, കുട്ടികൾക്ക് പരിസ്ഥിതിയുമായി ഇണങ്ങി ജീവിക്കുന്നതിനും, പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ പ്രവർത്തിക്കുന്നതിനുള്ള ശേഷികൾ കൈവരിക്കുന്നതിനും ഈ ഉദ്ഗ്രഥിത സമീപനം സഹായിക്കുന്നു.

## ലക്ഷ്യങ്ങൾ

- പഠനം ലളിതവും ആസ്വാദ്യകരവുമാക്കുക.
- എല്ലാ കുട്ടികളിലും ഭാഷാശേഷി വികസിപ്പിക്കുക.
- കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതരത്തിൽ പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കുട്ടികളിൽ ജനാധിപത്യമൂല്യം വളർത്തിയെടുക്കുക.
- പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നതിനുള്ള ശേഷികൾ വികസിപ്പിക്കുക.
- കഥ, കവിത, വിവരണം തുടങ്ങിയവ വായിച്ച് ആസ്വദിക്കുന്നതിനും തയ്യാറാക്കുന്നതിനുമുള്ള ശേഷികൾ നേടുക.
- കുട്ടികളിൽ ശാരീരികവും മാനസികവുമായ വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള കലാ-കായിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

- നിത്യജീവിതത്തിൽ പ്രായോഗികമാക്കേണ്ടതായ ഗണിതശേഷികൾ വികസിപ്പിക്കുന്നു.
- ഗണിതത്തോടുള്ള താല്പര്യം വർധിപ്പിച്ച് ഗണിതക്രിയകൾ ആയാസരഹിതമാക്കുന്നു.

**പ്രവർത്തനങ്ങൾ**

1 ഭാഷാകേളികൾ ആസൂത്രണം ചെയ്യൽ
2 ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തൽ
3 പോർട്ട് ഫോളിയോ തയ്യാറാക്കൽ
4 ബാലസഭ
5 ദിനാചരണങ്ങൾ സംഘടിപ്പിക്കൽ
6 ക്ലാസ് അസംബ്ലി
7 പതിപ്പ്തയ്യാറാക്കൽ
8 പത്രകട്ടിംഗുകൾ, ആൽബം എന്നിവ നിർമ്മിക്കൽ
9 പദശ്രേണി, ചിത്രകഥ പൂർത്തിയാക്കൽ
10 ഗണിതമൂല സജ്ജമാക്കൽ
11 ഗണിതനോട്ടുപുസ്തകം ആകർഷകമാക്കൽ
12 കണക്കിലെ കളികൾ, ഗണിതവ്യാഖ്യാനം, ഗണിതപ്പാട്ട് ഇവ തയ്യാറാക്കൽ
13 ഐ.സി.ടി. ഉപയോഗം കാര്യക്ഷമമാക്കൽ
14 നിരന്തരമൂല്യനിർണ്ണയത്തിലൂടെ പഠന പുരോഗതി വിലയിരുത്തി തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണം.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷാകേളികൾ | ഭാഷാനൈപുണി വളർത്തുന്നതിനായി കടങ്കഥകൾ, പഴഞ്ചൊല്ലുകൾ ചെറുകഥ, ചെറുകവിത തുടങ്ങിയവ ക്ലാസ്സിൽ അവതരി പ്പിക്കുന്നു. | ജൂൺ മുതൽ | അധ്യാപകർ |
| ക്ലാസ് ലൈബ്രറി ശക്തി പ്പെടുത്തൽ | ഓരോ ക്ലാസ് ലൈബ്രറിയിലും ഭാഷാ വികസനത്തിനുതകുന്ന പുസ്തകങ്ങൾ ചിട്ടപ്പെടുത്തൽ | ജൂൺ മുതൽ | അധ്യാപകർ ക്ലാസ് ലൈബ്രറിയൻ |
| പോർട്ട്ഫോളിയോ | കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുന്നതായ ചിത്രരചന, കഥാരചന, കവിതാരചന എന്നിവയും പഠനപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഉത്പ്പന്നങ്ങളും ഉൾപ്പെടുത്തുന്നു. | ജൂൺ മുതൽ | അധ്യാപകർ |
| ബാലസഭ | കുട്ടികളിൽ നേതൃത്വഗുണം വളർത്തുന്നതിനും, കുട്ടികളുടെ കലാപരമായ വാസനകൾ പ്രകടിപ്പിക്കുന്നതിനുമുള്ള വേദി ഒരുക്കുന്നു. | മാസത്തിൽ രണ്ട് തവണ | അധ്യാപകർ |
| ക്ലാസ് ലൈബ്രറി ശക്തി പ്പെടുത്തൽ | വ്യക്തികൾ, ദിവസങ്ങളുടെ പ്രാധാന്യം എന്നിവ മനസ്സിലാക്കി, അവയെ അടിസ്ഥാനമാക്കി പോസ്റ്ററുകൾ പതിപ്പുകൾ ഇവ തയ്യാറാക്കി ദിനാചരണം നടത്തൽ | | പ്രഥമ അധ്യാപിക, ക്ലാസ് ടീച്ചർ |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| പെയിന്റിംഗ് | മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി ഭാഷാ അക്ഷരങ്ങൾ എഴുതുന്നു. പൂക്കൾ, ചിത്രശലഭം, പൊതുവിജ്ഞാനം എന്നിവ അവതരിപ്പിക്കുന്നു. ഇതിലൂടെ ഭാഷാശേഷി വികസിപ്പിക്കുന്നു. | ജൂൺ മുതൽ | അധ്യാപകർ |
| പതിപ്പ് തയ്യാറാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ, സമകാലികങ്ങൾ (ഇല വര, തൊപ്പി, ഇലക്കറി ഇല) ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് കൂടുതൽ ആകർഷകമാക്കുന്നു. | ആവശ്യമായ ഇടവേള ഓരോ അവസരത്തിൽ | അധ്യാപകർ |
| പഠനോപകരണങ്ങൾ ആൽബം എന്നിവ നിർമ്മിക്കൽ | ഒന്നാം ക്ലാസിലെ കുട്ടികൾക്ക് അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നതിനായി, അക്ഷരങ്ങൾ ഉൾപ്പെട്ട വാക്കുകൾ പത്രങ്ങളിൽ നിന്നും വെട്ടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ഇത് വിവിധ അക്ഷരങ്ങളെ മനസ്സിൽ ഉറപ്പിക്കുന്നു. വ്യത്യസ്ത വൃക്ഷങ്ങൾ, ചെടികൾ, ഇലകൾ, വിവിധ ജീവജാലങ്ങൾ എന്നിവ ഉൾപ്പെടുത്തിയ ആൽബം തയ്യാറാക്കുന്നു. ഇത് വഴി കുട്ടികളുടെ താത്പര്യം, സർഗ്ഗാത്മകത, അന്വേഷണാത്മകത എന്നിവ വർധിപ്പിക്കുന്നു. | ജൂൺ മുതൽ | അധ്യാപകർ |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| പദശ്രേണി, ചിത്രകഥ പകർത്തിയാക്കൽ | കുട്ടികളുടെ ഭാഷാ വികസനത്തിനായി വിവിധ പദശ്രേണികൾ നൽകുന്നു. കഥ പൂർത്തിയാക്കൽ തുടങ്ങി പ്രവർത്തനങ്ങളിലൂടെ രചനാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നു. | ജൂൺ മുതൽ | അധ്യാപകർ |
| ഗണിതമൂല സജ്ജമാക്കൽ | ഓരോ ക്ലാസിലും ഗണിതമൂലസജ്ജമാക്കുകയും ഗണിത നൈപുണിവികസിപ്പിക്കുന്നതിനായുള്ള ഉപകരണങ്ങൾ ഉല്പന്നങ്ങൾ എന്നിവ ശേഖരിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ | അധ്യാപകർ |
| ഗണിതനോട്ടുപുസ്തകം ആകർഷകമാക്കൽ | ഓരോ കുട്ടിയുടെയും ഗണിത നോട്ട്ബുക്ക് ആകർഷകമാക്കുന്നതിനായി ഗണിത ക്രിയകൾ വ്യത്യസ്ത രീതിയിൽ വ്യത്യസ്ത വർണ്ണങ്ങളിൽ എഴുതുന്നു. | ജൂൺ മുതൽ | അധ്യാപകർ |
| കണക്കിലെ കളികൾ ഗണിതവ്യാഖ്യാനം, ഗണിതപ്പാട്ട് ഇവ തയ്യാറാക്കൽ | ഗണിതത്തോട് കുട്ടികൾക്കുള്ള താല്പര്യം വർധിപ്പിക്കുന്നതിനായി ക്ലാസുകളിൽ സംക്യാഗാനങ്ങൾ ചൊല്ലുന്നു. (ക്രിയകൾ എളുപ്പമാക്കാനായി ഗണിതവ്യഖ്യാനം കണക്കിലെകളികൾ എന്നിവ നൽകുന്നു. | ആശയധാരണ ഉറപ്പിക്കേണ്ട അവസരത്തിൽ | അധ്യാപകർ |
| ഐ.സി.ടി. ഉപയോഗം കാര്യക്ഷമമാക്കൽ | ഐ.സി.ടി. ഉപയോഗിച്ച് ഗണിതം കൂടുതൽ ആസ്വാദ്യകരവും ലളിതവുമാക്കുന്നു. | ജൂൺ മുതൽ | അധ്യാപകർ |

| | | | |
|---|---|---|---|
| 1. | സംയുക്തഡയറി | • ക്ലാസ് പി.ടി.എ യിൽ സംയുക്ത ഡയറി എന്താണെന്ന് രക്ഷിതാക്കൾക്ക് അവബോധം നൽകുന്നു.<br>• കുട്ടികളുടെ ഫോട്ടോ വച്ച് തയ്യാറാക്കിയ ഡയറി സ്കൂളിന്റെ സമ്മാനമായി ഓരോ കുട്ടിക്കും നൽകുന്നു.<br>• ജൂൺ 19 മുതൽ ഡയറി എഴുതുന്നു. | ജൂൺ 19<br>ജൂൺ 19 |
| 2. | വായനാകാർഡ് നിർമാണ ശിൽപശാല | • പരിചിതമായ അക്ഷരങ്ങൾ ഉപയോഗിച്ച് വായനാകാർഡ് നിർമിക്കുന്നു. | ജൂലൈ |
| 3. | രചനോത്സവവുമായി ബന്ധപ്പെട്ട് കഥപറയൽ അവസരം ഒരുക്കൽ | • സ്കൂൾ റേഡിയോയിലൂടെ രചനോത്സവവുമായി ബന്ധപ്പെട്ട് കഥപറയാൻ അവസരമൊരുക്കുന്നു. | ജൂലൈ |
| 4. | സംയുക്തഡയറി മെച്ചപ്പെടുത്തൽ | • ഓരോ ദിവസത്തെയും ഡയറി വായിപ്പിക്കുന്നു. ക്ലാസിൽ പ്രദർശിപ്പി | ആഗസ്റ്റ് |

# ENGLISH

## Introduction

English is a global language. The main aim of learning English in first standard, give, great importace in children`s literature. Authentic pieces of children`s literature, adapted various of well known storis, song, poems etc. developed their language efficiency. Based on their reading, learners are asked to engage in certain language activities so as to apply their knowledge of English and also every learners gets a chance to listen, speak, read and write in the target language.

The people of Kerala are keen to learn the language and have English has its strong grip in the entire social fabric of Kerala. Thus then keen root is given in the first standard itself.

## AIMS

* Develop the English language.
* Develop the skills of listening, speaking reading and writing capacities.
* Develp ICT integration.
* Elisting learner`s perceptions on what has been oberved.
* Leading the learners to the theme /issue.

* Triggering diver thinking.
* Making predictions on what might follow.
* Elicting learners reflections on what he / she has listened to.
* Installing in learners and urge to read.
* Ensuring that ideas are shared as per the instructions given to the learners.
* Ensuring co-operations in team work.
* Develops communicative skills and literary skills.
* Enrich vocabulary
* Use familiar words whenever possible.
* Give apt captain on wrappers and packets of comercial products and sign baords on the road side.
* Labelling things in the classroom.

14

## Activities

* Documentation / Preparation
* Language games
* Chereography
* Story telling, action songs, conversation
* Playing with puppets.
* Portfolio activities.
* Enrich vocabulary by different activities.
* English assembly
* Process of evolving text
* Continious and comprehensive evaluation.
* Develp the skills of concept maps
* Big pictures.
* Big books
* Using ICT
* Develop reading and lestening skills through literary books.
* Giving more awareness to English on class PTA.
* Conduct English text
* Prepare a Bio-Diversity park (Collect seeds, plants and trees) and planted it, name it, labelling it and write about the growth and develpment of trees and plants in thier note book.

| Aims of objectives | Activities | Perios of time | Duties |
|---|---|---|---|
| Language games | ➢ Word ladder<br>➢ Giving clues and find out the hidden object<br>➢ Adding more times<br>➢ Completing the story<br>➢ Giving encercises for learning the spelling of specific<br>➢ Puzzles, riddles<br>➢ Gig-saw puzzles<br>➢ Puppetry show<br>➢ Marketing specific objects through instruction etc | Through out the Academic year * | Teacher |
| Portfolio activities | ➢ Give chances to write draw pictures and give descriptions<br>➢ Picture talk and colouring | Through out the Academic year * | English Teacher |
| Develop English Language | Conducting conversations story telling, action songs, English speech, English assembly, Choreography, Use familiar words whenever possible conducted English class on English itself, conduct English fest, giving more chances to speaking English and giving English literary works etc | Through out the Academic year | Class teacher parents |

| Aims of objectives | Activities | Perios of time | Duties |
|---|---|---|---|
| Enrich vocabulary | ➢ Conducting puzzles, riddles (competitions) collections words from specific letter | Through out the Academic year | Class Teacher |
| ➢ ICI integration | ➢ Teacher use ICI for apt portions to the lessons and give more chances to them to hear English rhymes/ poems, spelling gamed filling up of apt letters etc. | During the A[illegible] | Teacher IT- coordinate |
| ➢ Choreography | ➢ Give more chances to choreographers the entire lessons at the end of the lesson and best choreographers give chances to show their choreograph in stages. | During the Academic | Teacher |
| ➢ Give apt captions on wrappers and packets | ➢ Teacher gives new experiences in each class through introducing new wrappers or packets art them to guess what is inside them give apt (aptions and headings) | During the Academic year | Teacher |
| ➢ English fest | ➢ Conduct English fest and road shows, this will help them to increase their self conscious and givemore chances to use English language through action songs, plays, puppetry presentations speeches choreography etc. | During the Academic year | Teacher<br>Parents |

| | | | | |
|---|---|---|---|---|
| Enjoy Songs and Sings them with Rhythm and action | • play Song with Speakers | July | | 18 |
| Describes orally about pictures and objects using adjectives. | • wordweb making<br>• Express ideas orally. | September | | |
| Provide more opportunities to read, write and speak English | • English classroom | November | | |
| Encourage digital reading | • Present reading cards using ICT | December | | |
| Speak English fluently | | March | | |
| Read and write simple Sentences | • Classroom activities | March | | |
| Picture reading and Picture description | • classroom activities | March | | |

ക്ലാസ് : II

വിഷയം : ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിതകളികളിലൂടെ സംഖ്യകൾ ഉറപ്പിക്കുന്നു
- ഗണിതത്തിൽ താൽപ്പര്യം ജനിപ്പിക്കൽ
- അളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ
- ഓരോ യൂണിറ്റിലും നേടേണ്ട പഠന നേട്ടം ഉറപ്പിക്കൽ
- ഗണിതം ലളിതമാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

## പ്രവർത്തനങ്ങൾ

- കണക്കിലെ കളികൾ
- ഐ.സി.റ്റി യുടെ ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കൽ
- ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുക
- ഗണിത പ്രശ്നോത്തരി
- ഗണിതമൂല സജ്ജമാക്കൽ
- ഗണിത പതിപ്പ് തയ്യാറാക്കൽ
- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- അളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- കലണ്ടറിനെ കുറിച്ചുള്ള ആഴത്തിലുള്ള അറിവ്
- ക്ലാസ് ലൈബ്രറിയിലെ ഗണിത സാന്നിധ്യം

| നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല/ആര് |
|---|---|---|---|---|
| 1 | കണക്കിലെ കളികൾ | ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നതിനായി വിവിധ കളികൾ ആസൂത്രണം ചെയ്യുന്നു. ഉദാ. ഏണിയും പാമ്പും റാണിയും മക്കളും | ജൂൺ മുതൽ | അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 2 | ഐസിറ്റിയുടെ ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കൽ | ഐ.സി.റ്റി. ഉപയോഗിച്ച് കൂടുതൽ ആസ്വാദ്യകരവും ലളിതവുമാക്കുന്നു. | ജൂൺ മുതൽ | അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 3 | ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു | വൃത്തം, ചതുരം, ത്രികോണം സമചതുരം എന്നീ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വിവിധതരം ചിത്രങ്ങൾ വരയ്ക്കുന്നു. ഉദാ. വീട്, വാഹനങ്ങൾ | ജൂൺ മുതൽ | അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 4 | ഗണിതപ്രശ്നോത്തരി | ഓരോ ആഴ്ചയിലും ഗണിതവുമായി ബന്ധപ്പെട്ട പ്രശ്നോത്തരി സംഘടിപ്പിക്കുകയും (സങ്കലനം, വ്യവകല | ജൂൺ മുതൽ | അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ |

| നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല/നേതൃത്വം |
|---|---|---|---|---|
| 5 | ഗണിതമൂല സജ്ജമാക്കൽ | ഓരോ ക്ലാസിലും ഗണിതമൂല ഒരുക്കുകയും പഠനത്തിന് ആവശ്യമായതും കുട്ടികളുടെ ഉല്പന്നങ്ങളും ശേഖരിക്കുകയും ചെയ്യുന്നു. ഉദാ. കമ്പുകെട്ടുകൾ, തീപ്പെട്ടിക്കൾ, മഞ്ചാടിക്കുരു, മുതലായവ | ജൂൺ 2018 മുതൽ | അദ്ധ്യാപകൻ, ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 6 | ഗണിത പതിപ്പ് തയ്യാറാക്കൽ | സ്കൂൾ ആരംഭം മുതൽ കുട്ടികൾ തയ്യാറാക്കുന്ന ഉല്പന്നങ്ങൾ സമാഹരിച്ച് പതിപ്പ് തയ്യാറാക്കുന്നു. | | |
| 7 | വിവിധപാറ്റേണുകൾ രൂപീകരിക്കൽ | വിവിധ പാറ്റേണുകൾ കുട്ടികൾ രൂപീകരിക്കുന്നതിലൂടെ സംഖ്യകൾ തമ്മിലുള്ള ബന്ധം കൂടുതൽ മനസിലാക്കുന്നു. ഉദാ- 5, 10, 15.... 1, 3, 5.... | | |

| നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല/സഹായം |
|---|---|---|---|---|
| 5 | ഗണിതമൂല സജ്ജമാക്കൽ | ഓരോ ക്ലാസിലും ഗണിതമൂല ഒരുക്കുകയും പഠനത്തിന് ആവശ്യമായതും കുട്ടികളുടെ ഉല്പന്നങ്ങളും ശേഖരിക്കുകയും ചെയ്യുന്നു. ഉദാ. കമ്പുകെട്ടുകൾ, തീപ്പെട്ടികൂട്, മഞ്ചാടിക്കുരു, മുതലായവ | ജൂൺ മുതൽ | അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 6 | ഗണിത പതിപ്പ് തയ്യാറാക്കൽ | സ്കൂൾ ആരംഭം മുതൽ കുട്ടികൾ തയ്യാറാക്കുന്ന ഉല്പന്നങ്ങൾ സമാഹരിച്ച് പതിപ്പ് തയ്യാറാക്കുന്നു. | | |
| 7 | വിവിധപാറ്റേണുകൾ രൂപീകരിക്കൽ | വിവിധ പാറ്റേണുകൾ കുട്ടികൾ രൂപീകരിക്കുന്നതിലൂടെ സംഖ്യകൾ തമ്മിലുള്ള ബന്ധം കൂടുതൽ മനസിലാക്കുന്നു. ഉദാ- 5, 10, 15.... 1, 3, 5.... | | |

**Std : II**
**Subject : English**

***Aims/ Objectives***

- Communication skills develops
- Creative thinking
- Vocabulary develops
- Writing skills develops
- Use simple English while answering interaction questions

| Aims of objectives | Activities | Perios of time | Duties |
|---|---|---|---|
| Communication skills develops | ➢ Comprehends and enjoys simple stories and songs<br>➢ Make use of class library<br>➢ Sing songs or pomes with proper rhythm and action | Through the academic year | English teacher |
| Creative thinking | ➢ Able to add two or three exchanges to a conversation<br>➢ Predicts and writes thoughts related to the context<br>➢ Sentence making | Through the academic year | English teacher |
| Vocabulary develops | ➢ Describes objects or people using appropriate vocabulary<br>➢ Prepare concept- maps<br>Eg. Vegetable, birds | Through the academic year | English teacher |
| Writing skills develops | ➢ Solving puzzles and language games<br>➢ Arrange the words | Through the academic year | English teacher |

വിഷയം : മലയാളം

## ലക്ഷ്യങ്ങൾ

- ആസ്വാദനശേഷി വളർത്തുക
- ആശയഗ്രഹണം സാധ്യമാക്കുക
- കളികളിലൂടെ പദസമ്പത്ത് നേടുക
- നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക
- പരീക്ഷണ നിരീക്ഷണങ്ങളിൽ പങ്കാളികളാക്കുക

## പ്രവർത്തനങ്ങൾ

1. ക്ലാസ് ലൈബ്രറിയുടെ സാന്നിദ്ധ്യം
2. കവിത ചൊല്ലൽ
3. നിർമ്മാണ പ്രവർത്തനം
4. പരീക്ഷണങ്ങളിൽ ഏർപ്പെടൽ
5. കളിപ്പതിപ്പ് തയ്യാറാക്കൽ
6. നിരീക്ഷണത്തിൽ ഏർപ്പെടൽ
7. കളികളിലൂടെ പദസമ്പത്ത് നേടുന്നു

| നം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല/ സാമ്പത്തികം |
|---|---|---|---|---|
| 1. | ക്ലാസ് ലൈബ്രറിയുടെ | ഓരോ ക്ലാസ് ലൈബ്രറിയിലും ചെറുകവിതകൾ, കഥകൾ, അടങ്ങുന്ന പുസ്തകങ്ങളുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നു. | ജൂൺ മുതൽ | അദ്ധ്യാപകൻ |
| 2. | കവിത ചൊല്ലൽ | കവിതകൾ ഈണം, താളം ഇവ പാലിച്ച് ചൊല്ലുന്നു. ആസ്വദന ശേഷി വളർത്തുന്നു. | ജൂൺ മുതൽ | അദ്ധ്യാപകൻ |
| 3. | നിർമ്മാണ പ്രവർത്തനം | പാഠപുസ്തകവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെടുന്നു. ഉദ: വീട്, പട്ടം, കടലാസു പത്തിരി | ജൂൺ മുതൽ | അദ്ധ്യാപകൻ |
| 4. | പരീക്ഷണത്തിൽ ഏർപ്പെടൽ | വിവിധ വസ്തുക്കൾ ഉപയോഗിച്ച് ജലത്തിൽ മുങ്ങുന്നതും പൊങ്ങുന്നതുമായ വസ്തുക്കളെ കണ്ടെത്തുന്നു. | ജൂൺ മുതൽ | അദ്ധ്യാപകൻ |
| 5. | കളിപ്പതിപ്പ് തയ്യാറാക്കൽ | കളിപ്പതിപ്പിന് ആവശ്യമായ വസ്തുക്കൾ മാഗസിൻ പത്രങ്ങൾ എന്നിവയിൽ നിന്ന് ശേഖരിക്കുന്നു. കൂടാതെ ഐ.സി.റ്റി സാധ്യമാക്കുന്നു. | ജൂൺ മുതൽ | അദ്ധ്യാപകൻ |
| 6. | നിരീക്ഷണത്തിൽ ഏർപ്പെടൽ | ചെടികളുടെ വിവിധ ഭാഗങ്ങൾ നിരീക്ഷിക്കാനും മനസ്സിലാക്കാനുമുള്ള അവസരം | ജൂൺ മുതൽ | അദ്ധ്യാപകൻ |
| 7. | കളികളിലൂടെ പദസമ്പത്ത് | പ്രാദേശികമായി പരിചയമുള്ള കളികളിൽ ഏർപ്പെടുന്നു. | ജൂൺ മുതൽ | അദ്ധ്യാപകൻ |

# മലയാളം

## ലക്ഷ്യങ്ങൾ

- ആസ്വാദനശേഷി വളർത്തുന്നു.
- സ്വതന്ത്രരചനയ്ക്ക് അവസരമുണ്ടാക്കുന്നു.
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ തുടങ്ങിയവ ആവശ്യാനുസരണം കൃത്യതയോടെയും സൂക്ഷ്മതയോടെയും ഉപയോഗിക്കുന്നു.
- പദാവലി വികസിപ്പിക്കൽ
- കേട്ടു മനസ്സിലാക്കൽ
- മറ്റുള്ളവർക്ക് മനസ്സിലാകുംവിധം ശുദ്ധവും സ്പഷ്ടവുമായ ശ്രാവ്യവായന നടത്തൽ

## പ്രവർത്തനങ്ങൾ

- കവിത കഥയാക്കൽ
- കത്ത്
- ജീവചരിത്രം
- സംഭാഷണം
- വിവരണം
- കവിതാരചന, കഥാരചന

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം |
|---|---|---|---|
| കവിത കഥയാക്കൽ ✓ | കവിതകളെ അർത്ഥവ്യത്യാസം വരാതെ കഥാരൂപത്തിൽ ആക്കുന്നതിന് സാധിക്കുന്നു. | ജൂൺ മുതൽ | അദ്ധ്യാപിക |
| കത്ത് ✓ | വിവിധതരം കത്തുകൾ പരിചയപ്പെടുത്തുന്നു. (അവധി അപേക്ഷ, കൂട്ടുകാരനെ ക്ഷണിക്കൽ, ഗൃഹപ്രവേശം) കത്തുകൾ തയ്യാറാക്കുന്നു. പരസ്പരം കൈമാറുന്നു. | ജൂൺ മുതൽ | അദ്ധ്യാപിക |
| ജീവചരിത്രം ✓ | സൂചനകളിൽ നിന്ന് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. (മദർതെരേസ, ഗാന്ധിജി, നെഹ്റു, ശ്രീനാരായണഗുരു) അനുയോജ്യമായ ഭാഷകളും, പ്രയോഗങ്ങളും ശൈലികളും കൂടുതൽ വിവരങ്ങളും ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാകുന്നു. | ജൂൺ മുതൽ | അദ്ധ്യാപിക |
| സംഭാഷണം ✓ | പാഠഭാഗങ്ങളിലെ ചിത്രങ്ങളുമായി ബന്ധപ്പെട്ട കഥാപാത്രങ്ങൾ ഉൾപ്പെടുത്തി സംഭാഷണം എഴുതുന്നു. സംഭാഷണത്തിന്റെ തുടർച്ച, പര്യവസാനം എന്നിവ ചർച്ച ചെയ്യുന്നു. അനുയോജ്യമായ ഭാഷ ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു. | ജൂൺ മുതൽ | അദ്ധ്യാപിക |
| വിവരണം ✓ | ചിത്രങ്ങളുടെ സഹായത്തോടെയും, ഐ.സി.റ്റി സാധ്യകൾ ഉപയോഗിച്ചും വിവരണങ്ങൾ | ജൂൺ മുതൽ | അദ്ധ്യാപിക |

# ENGLISH

**Objectives**

* Communication Skills
* Problem solving
* Critical thinking
* Creative awareness
* Decision making

**Activities**

* Conversation
* Description
* Drama
* Adding more lines
* Story writing
* Project work

| Activities | Explanation | Duration | Responsibilites / Financial |
| --- | --- | --- | --- |
| Conversation | Add more exchanges to the conversation suitable to the context. Idenfity character and their emotions. | June onwards | Teacher |
| Description | Use simple words while describing things describe the things in simple sentences. | | Teacher |
| Drama | Students became the characters and they recognise the emotions of characters and play drama. | | Teacher |
| Adding more lines | Add line to a from following a set pattern. Indentifying rhyming words. | June onwards | Teacher |
| Story writing | Add new events to the story, rearrange jumpled frictun in proper requerence, write story in simple sentences. | June onwards | Teacher |
| Project work | Undertaken simple project works, collect pictures from newspaper, classifies them and arrange them in proper order. | June onwards | Teacher |
| | | | |

## ഗണിതം

~~[illegible]~~ ലക്ഷ്യങ്ങൾ :

* 1000 വരെയുള്ള സംഖ്യകൾ തമ്മിലുള്ള സ്ഥാനവിലയും സംഖ്യാ ബോധത്തെയും തിരിച്ചറിയുന്നു. അവയുടെ സംഖ്യാബോധം ഉറപ്പിക്കുന്നു.
* പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെട്ട് 1 മുതൽ 2000 വരെയുള്ള സംഖ്യകൾ വായിക്കാനും അക്കത്തിലും അക്ഷരത്തിലും എഴുതാനും കഴിയുന്നു.

> പ്രവർത്തനങ്ങൾ

- 1000 വരെയുള്ള സംഖ്യകളെ സ്ഥാനവിലയിൽ വ്യാഖ്യാനിക്കൽ
- 1 മുതൽ 2000 വരെയുള്ള സംഖ്യാവ്യാഖ്യാനം, അക്കത്തിലും അക്ഷരത്തിലും എഴുതൽ



| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1000 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കൽ സ്ഥാനവില കണ്ടെത്തൽ | 1000 നെ രണ്ട് സംഖ്യകളുടെ തുകയായി ഒരു കൂട്ടം സംഖ്യകളെ എഴുതി നോക്കൽ | ഇന്ന് മുതൽ | അധ്യാപകർ |
| 2000 വരെയുള്ള സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതുന്നു, സ്ഥാനവിലയിൽ വ്യാഖ്യാനിക്കുന്നു | അക്കങ്ങളുപയോഗിച്ച് നിർമ്മിച്ചതിൽ നിന്ന് 2000 വരെ ഉള്ള നാലക്കസംഖ്യകൾ വായിക്കുന്നു. അക്കത്തിലും അക്ഷരത്തിലും എഴുതുന്നു. | ഇന്നലെ മുതൽ | അധ്യാപകർ |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം |
|---|---|---|---|
| 999 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കൽ | മൂന്നക്കസംഖ്യകൾ ചെറുതും വലുതുമായ സംഖ്യകളെ കണ്ടെത്തുന്നു. പ്രായോഗിക സന്ദർഭങ്ങളിൽ മൂന്നക്ക സംഖ്യയെ സ്ഥാനവിലയ്ക്കനുസരിച്ച് വ്യാഖ്യാനിക്കുന്നു. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മൂന്നക്ക സംഖ്യ ഉപയോഗിക്കുന്നു. | ജൂൺ മുതൽ | അദ്ധ്യാപകർ |
| ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കാൻ | ചുറ്റുപാടുമുള്ള രൂപങ്ങളിൽ നിന്നും ചതുരം, ത്രികോണം, വട്ടം ഇവ തിരിച്ചറിയുകയും ഇവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കുകയും വരയ്ക്കുകയും അളവകുൾ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. | ജൂൺ മുതൽ | അദ്ധ്യാപകർ |
| കളിനോട്ടുകളും നാണയങ്ങളും ഉപയോഗിച്ച് രൂപ കൈകാര്യം ചെയ്യൽ | ഒരു നിശ്ചിത സംഖയെ കളിനോട്ടുകളും നാണയങ്ങളും ഉപയോഗിച്ച്, എങ്ങനെയെല്ലാം വ്യഖ്യാനം ചെയ്ത് എഴുതാമെന്നുള്ള സംഖ്യാബോധം കുട്ടികളിൽ ഉണ്ടാക്കുന്നു. | | |
| ഭാരം, സമയം, അളവ്, ഉള്ളളവ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ വസ്തുതകൾ ശേഖരിക്കലും മനസ്സിലാക്കലും | ക്ലോക്കുണ്ടാക്കുന്നു., സെക്കന്റ്, മിനിട്ട്, മണിക്കൂർ സൂചികൾ തിരിച്ചറിയുന്നു. വിവിധ അളവുപാത്രങ്ങൾ (മരുന്നുകുപ്പികൾ) ശേഖരിക്കുന്നു. വിവിധ വസ്തുക്കളുടെ നീളം, വീതി, ഉയരം എന്നിവ സ്വന്തമായി അളന്ന് എഴുതുന്നു. വിവിധ വസ്തുക്കളുടെ ഭാരങ്ങൾ, വെയിംഗ് മെഷീൻ ഉപയോഗിച്ച് അളക്കുന്നു. മില്ലിഗ്രാം ഗ്രാം, കി.ഗ്രാം, ലിറ്റർ, മില്ലി ലിറ്റർ, സെന്റിമീറ്റർ, മീറ്റർ എന്നീ അളവുകൾ തിരിച്ചറിയുന്നു. | ജൂൺ • മുതൽ | അദ്ധ്യാപകർ |

## പരിസരപഠനം

**ലക്ഷ്യങ്ങൾ**

* കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
* നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിലെത്തിച്ചേരുന്നു.
* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നു.
* പരസ്പരാശ്രയത്വം തിരിച്ചറിയുകയും നേടിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.
* ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുന്നു.
* വ്യക്തി ശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സാധിക്കുന്നു.

**പ്രവർത്തനങ്ങൾ**

* ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തി തരം തിരിക്കുന്നതിനും സസ്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും.
* ജലക്ഷാമം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ജലം പാഴാക്കാതെ സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ജലാശയങ്ങൾ മലിനമാകുന്ന കാരണങ്ങൾ കണ്ടെത്തി അത് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും കഴിയുന്നു.
* കൊതുക്, ഈച്ച, എലി എന്നിവ പെരുകുന്ന സാഹചര്യങ്ങൾ കണ്ടെത്തുന്നു. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.
* വിവിധ തൊഴിലുകൾ, സർവ്വേ, തൊഴിലുപകരണങ്ങൾ, ചിത്രശേഖരണം.
* ട്രാഫിക് നിയമങ്ങൾ, ഐ.സി.റ്റി സാധ്യതകളിലൂടെ മനസ്സിലാക്കുന്നു.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം |
|---|---|---|---|
| കൊതുക്, ഈച്ച, എലി എന്നിവ പരത്തുന്ന രോഗങ്ങൾ പരിഹാര മാർഗങ്ങൾ, വ്യക്തിശുചിത്വം എന്നിവയുടെ പ്രാധാന്യം – ചർച്ച | സമൂഹത്തിന്റെ വിപത്തുകളായ കൊതുക്, ഈച്ച, എലി എന്നിവയുടെ വളരാനുള്ള സാഹചര്യങ്ങൾ ചർച്ച ചെയ്യുന്നു. ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. ഡ്രൈഡേ ആചരണം, ഒ.ആർ.എസ് ലായനി തയ്യാറാക്കൽ, പോസ്റ്റർ നിർമ്മാണം, ആരോഗ്യ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ | ജൂൺ മുതൽ | അധ്യാപകർ |
| ചുറ്റുപാടുമുള്ള വിവിധ തൊഴിലുകൾ ലിസ്റ്റ് ചെയ്യുന്നു. സർവ്വേ നടത്തുന്നു. നെൽകൃഷി, പച്ചക്കറികൃഷി എന്നിവയുടെ വീഡിയോ പ്രദർശനം, പഴയകാല തൊഴിലുപകരണങ്ങൾ പരിചയപ്പെടുത്തൽ -, ആൽബം തയ്യാറാക്കൽ | തന്റെ പ്രദേശത്ത് കൂടുതൽ പേരും ഏർപ്പെട്ടിരിക്കുന്ന തൊഴിൽ ഏതെന്ന് സർവ്വേയിലൂടെ കണ്ടെത്തുന്നു. ഒരു ഉത്പന്നം രൂപപ്പെടുന്നതിന്റെ പിന്നിൽ വിവിധ തൊഴിലാളികളുടെ ശ്രമഫലമുണ്ടെന്ന് ഐ.സി.റ്റി സാധ്യതയിലൂടെ മനസ്സിലാക്കുന്നു. പഴയ കാല തൊഴിലുപകരണങ്ങളും ഇന്നത്തെ തൊഴിലുപകരണങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ ചർച്ച ചെയ്യുന്നു. | ജൂൺ മുതൽ | അധ്യാപകർ |
| ട്രാഫിക് നിയമങ്ങൾ മനസ്സിലാക്കുന്നു. സിഗ്നൽ ലൈറ്റുകൾ തിരിച്ചറിയുന്നു. പോസ്റ്ററുകൾ തയ്യാറാക്കുന്നു | ലഘുലേഖകളിലൂടെയും, ഐ.സി.റ്റി സാധ്യതകളിലൂടെയും ട്രാഫിക് നിയമങ്ങളും, സിഗ്നൽ ലൈറ്റുകളും മനസ്സിലാക്കി യാത്ര സുഗമമാക്കുന്നു | ജൂൺ മുതൽ | അധ്യാപകർ |
| ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. പട്ടികപ്പെടുത്തുന്നു. | സസ്യങ്ങളെ കുറ്റിച്ചെടികൾ, വൃക്ഷങ്ങൾ, ഔഷധികൾ, മണമുള്ള ഇലകൾ ഉള്ളവ, ഭക്ഷ്യയോഗ്യമായവ, പൂക്കൾ ഉണ്ടാകുന്നവ തുടങ്ങി | ജൂൺ മുതൽ | അധ്യാപകർ |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം |
|---|---|---|---|
| | വിവിധ രീതിയിൽ പട്ടികപ്പെടുത്തുന്നു. വിവിധ ആശയങ്ങൾ കണ്ടെത്തുന്നു. മറയുന്ന നാട്ടുമാവുകളും, മറ്റ് സസ്യങ്ങളും ചർച്ച വൃക്ഷത്തൈ നടീൽ | | |
| കുടിവെള്ള സ്രോതസ്സുകൾ - ചർച്ച ജലക്ഷാമം വീഡിയോ പ്രദർശനം, ജലം പാഴാകുന്ന സന്ദർഭങ്ങൾ പട്ടികപ്പെടുത്തൽ, ജലം മലിനമാകുന്നതിനുള്ള കാരണങ്ങൾ പ്ലക്കാർഡ് നിർമ്മാണം. | പരിസരത്തുള്ള ജലസ്രോതസ്സുകൾ കണ്ടെത്തി പറയുന്നു. ജലത്തിന്റെ വിവിധ ഉപയോഗങ്ങൾ ചർച്ച ചെയ്യുന്നു. ജലക്ഷാമം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഐ.സി.റ്റി സാധ്യതകളിലൂടെയും പത്രകട്ടിംഗിലൂടെയും വിശദീകരിക്കുന്നു. സ്കൂളിലും വീട്ടിലും ജലം പാഴാകുന്ന സന്ദർഭങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുന്നു. ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | | |

ക്ലാസ് 4

# വാർഷികപദ്ധതി : പരിസരപഠനം

സാമൂഹിക ജീവിതത്തിൽ ഫലപ്രദമായി ഇടപെടുവാൻ പ്രാപ്തരായ തലമുറയെ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. സമൂഹത്തിൽ തന്റെ സ്ഥാനമെന്തെന്ന് തിരിച്ചറിയുകയും, മനുഷ്യൻ ചുറ്റുപാടുകളിൽ നടത്തിയ ഇടപെടലുകൾ സമൂഹത്തിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാക്കി എന്ന് തിരിച്ചറിയുകയും വേണം. മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും സമൂഹവും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പര്യം കണ്ടെത്തുന്നതിനുള്ള അവസരം പരിസര പഠനത്തിലൂടെ ലഭ്യമാകണം.

ലക്ഷ്യങ്ങൾ

- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക
- പരിസ്ഥിതി സംരക്ഷണബോധം വളർത്തുക.
- ശാസ്ത്രത്തിനും സാമൂഹിക നന്മക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.
- പരിസ്ഥിതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർണ്ണമാക്കുക.
- മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രീയാവബോധം വളർത്തുക.
- മഹത്തായ ചരിത്രത്തെയും പാരമ്പര്യത്തെയും കൃതികളെ ബോധ്യപ്പെടുത്തുന്നു.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല / നടത്തിപ്പ് |
|---|---|---|---|
| പരിസരപഠനമൂല ഒരുക്കൽ | പരിസരപഠനത്തിനാവശ്യമായ വസ്തുക്കൾ സജ്ജീകരിക്കുന്നതിനും, കുട്ടികളുടെ ഉത്പന്നങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ | അധ്യാപകർ പരിസ്ഥിതിക്ലബ്ബ് അംഗങ്ങൾ |
| ക്ലാസ് ലൈബ്രറിയിലെ പരിസര പഠനവിഷയസാന്നിധ്യം | പരിസരപഠനവുമായി ബന്ധപ്പെട്ട ആശയങ്ങൾ അടങ്ങുന്ന പുസ്തകങ്ങൾ ഉൾപ്പെടുത്തി നിലവിലുള്ള ലൈബ്രറിയെ വിപുലപ്പെടുത്തൽ | ജൂൺ മുതൽ | അധ്യാപകർ പൂർവ്വവിദ്യാർത്ഥികൾ പിടിഎ, സന്നദ്ധ സംഘടനകൾ |
| പരീക്ഷണ, നിരീക്ഷണങ്ങൾക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യൽ | പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള വിവിധ ഉപകരണങ്ങൾ, നിരീക്ഷണത്തിനായുള്ള ഏതെങ്കിലും പാർക്ക് എന്നിവ സജ്ജീകരിക്കൽ. | ജൂൺ മുതൽ | അധ്യാപകർ കുട്ടികൾ പിടിഎ |
| പരിസരപഠനവുമായി ബന്ധപ്പെട്ട ശേഖരങ്ങൾ ഉറപ്പാക്കൽ. | വ്യത്യസ്ത സസ്യങ്ങൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയുടെ ചിത്രങ്ങൾ, ഭൂപടങ്ങൾ,ചരിത്ര സംഭവങ്ങളെ കുറിച്ചുള്ള ചിത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കൽ. | ജൂൺ മുതൽ | അധ്യാപകർ കുട്ടികൾ പിടിഎ |

**പ്രവർത്തനങ്ങൾ**

* പരിസരപഠനമൂല തയ്യാറാക്കൽ
* ക്ലാസ് ലൈബ്രറിയിൽ പരിസരപഠനം ഫലപ്രദമാക്കുന്നതിനുള്ള പുസ്തകങ്ങളുടെ സാന്നിദ്ധ്യം
* പരിസരപഠന നോട്ട് പുസ്തകം കാര്യക്ഷമമാക്കൽ.
* ഐ.സി.റ്റി ഉപയോഗവുമായി ബന്ധപ്പെട്ട ശേഖരങ്ങൾ ഉറപ്പാക്കൽ
* നേർപഠനാനുഭവങ്ങൾ സാധ്യമാക്കുന്നതിനുള്ള ഫീൽഡ് ട്രിപ്പ് കൾ
* പരീക്ഷണ നിരീക്ഷണങ്ങൾക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യൽ.

# വാർഷിക പദ്ധതി ഗണിതം

നിത്യജീവിതത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഗണിതവും ഗണിതാശയങ്ങളും.ജീവിതത്തിന്റെ നാനാ മേഖലകളും ഈ വിഷയവുമായി വ്യത്യസ്തരീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു.എന്നാൽ ഒരു വിഭാഗം കുട്ടികൾ ഈ വിഷയത്തിൽ പിന്നോക്കമാണ്.ബുദ്ധിമുട്ടുള്ള ഒരു പഠനവിഷയം എന്ന നിലയിൽ നിന്ന് ആസ്യാദ്യകരമായ ഒരു നിലയിലേക്ക് പഠനാനുഭവങ്ങളെ സജ്ജീകരിച്ച് ഗണിതപഠനം ആസ്യാദ്യകരമാക്കേണ്ടതുമാണ്.

**ലക്ഷ്യങ്ങൾ**

1. പ്രശ്ന പരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടിക്ക് കഴിവു നൽകുന്നതാകണം.
2. കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകണം.
3. മറ്റു വിഷയങ്ങളുടെ പഠനത്തിന് സഹായിക്കുന്നതിനാവിശ്യമായ ഗണിതശേഷികൾ നേടുന്നതിന് സഹായകരമാകണം.
4. ഗണിതം കൂടുതൽ ആസ്വാദ്യകരമാക്കൽ.
5. എല്ലാ കുട്ടികളിലും ഗണിതത്തിന്റെ അടിത്തറയുറപ്പിക്കൽ.
6. ഗണിതത്തിൽ താല്പര്യം ജനിപ്പിക്കൽ.
7. ഒരോ യൂണിറ്റിലും നേരിട്ട പഠനനേട്ടം ഉറപ്പിക്കൽ.

**പ്രവർത്തനങ്ങൾ**

1. കണക്കിലെ കളികൾ
2. ഗണിത നോട്ട്പുസ്തകം ആകർഷകമാക്കൽ
3. ഗണിത പ്രശ്നോത്തരി (ആഴ്ച്ചയിൽ 1)
4. ക്ലാസ് ലൈബ്രറിയിലെ ഗണിത സാനിദ്ധ്യം.
5. ICT ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കൽ.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല / സാമ്പത്തികം |
|---|---|---|---|
| കണക്കിലെ കളികൾ | പാറ്റേൺ പൂർത്തിയാക്കൽ, ഒളിഞ്ഞിരിക്കും സംഖ്യ കണ്ടെത്തൽ, എണ്ണിപ്പറയൽ തുടങ്ങി വ്യത്യസ്ത കളികളിലൂടെ ഗണിതത്തോട് താൽപ്പര്യം സൃഷ്ടിക്കുന്നു. | ജൂൺ മുതൽ | അധ്യാപകർ |
| ഗണിത പ്രശ്നോത്തരി | സ്കൂളിന് മുൻവശത്തുള്ള ബോർഡിൽ പൊതുവായി പ്രശ്നങ്ങൾ പ്രദർശിപ്പിച്ച് നിർധാരണം ചെയ്യാൻ അവസരം നൽകുന്നു. ശരിയുത്തരങ്ങൾക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ | അധ്യാപകർ |
| ക്ലാസ് ലൈബ്രറിയിലെ ഗണിത സാന്നിധ്യം | ഗണിത ആശയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ നിലവിലെ ക്ലാസ് ലൈബ്രറിയിൽ ഉൾപ്പെടുത്തി വിപുലമാക്കുന്നു | ജൂൺ മുതൽ | അധ്യാപകർ<br>കുട്ടികൾ<br>പിടിഎ |
| ഗണിതനോട്ട് പുസ്തകം ആകർഷകമാക്കൽ. | കുട്ടികൾ പഠനനേട്ടങ്ങൾ നേടുന്നുണ്ടോ എന്ന് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. ശേഷികൾ മെച്ചപ്പെടുത്താനുള്ള നൂതന മാർഗ്ഗങ്ങൾ ആരംഭിക്കുന്നു. | ജൂൺ മുതൽ | അധ്യാപകർ |

# INTRODUCTION

In India, English is not our language of being or identity. It has come to be the language of doing, the language of academic and the language of recognition. English in India today, is a symbol of peoples aspirations for quality in education and fuller participation in national and internationa life.

The language has strong a data on the internet that is widely used in social media t connect people of different nationalities. As the language of trade and commerce, higher education and since, English enjoiys a status which no other language has.

| Aimes / Objectives | Activities | Period of time | Duties |
|---|---|---|---|
| The learner will be able to<br>* Read and comprehend a story.<br>* Use simple english for answering interaction questions.<br>* Read and appreciate a poem<br>* Write short descriptions.<br>* Undertake language project activity. | Ineractive story telling method by the teacher<br>Teacher creates English atmosphere in the classroom.<br>Video clippings of the poems with help of ICT.<br>Teacher will give chances to read and write more descriptions based on every situation. | Through the academic 2018 | Teacher |
| * Express thoughts and feeling in simple english<br>* Write the experience of a journey in simple english.<br>* Construct dialogues appropriate to the contex<br>* Describe the picuture in his/her own words<br>* Answer simple riddles and make similar riddles. | Teacher will give more chances to hear and speak English language<br>video clipping of journey experiences.<br>Teacher will give chances to role play some situations and showing drama with the help of ICT.<br>Collection book for riddles and poems | Through the academic 2018 | English Teacher |

| Aimes / Objectives | Activities | Period of time | Duties |
|---|---|---|---|
